IVO-5/20/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

ശ്രീ.അബ്ദുൾ സലാം
സാജിത മൻസിൽ,
ഉരുവച്ചാൽ.പി.ഒ -670702

സർ,

വിഷയം:: മാലൂർ പഞ്ചായത്ത് - റോയൽ ബേക്കറി കെട്ടിട നിർമ്മാണ അപേക്ഷ നിരസിച്ചത് സംബന്ധിച്ച് .

സൂചന: ശ്രീ.അബ്ദുൾ സലാം എന്നവരുടെ പരാതി.

..................................

മാലൂർ പഞ്ചായത്തിൽ ശിവപുരം വില്ലേജിൽ സർവ്വേ നമ്പർ 7/37 റിസർവ്വേ നമ്പർ 85ൽ 0.0607 H സ്ഥലത്ത് ഗ്രൂപ്പ് G1 ൽ ഉൾപ്പെടുത്തി 85.71 $M^2$ തറ വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് പെർമിറ്റിനായി താങ്കൾ 23/9/2023 ന് സമർപ്പിച്ച അപേക്ഷയിൽ ന്യൂനതകൾ ഉള്ളതിനാൽ ആയത് 21/10/2023 ന് പരിഹരിച്ച് പുന.സമർപ്പിച്ച അപേക്ഷയിൽ പ്രസ്തുത പ്ലോട്ടിലേക്കുള്ള വഴിക്ക് പ്ലാനിൽ 3 മീറ്റർ വീതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 2.70 മീറ്റർ വീതിയാണ് സൈറ്റിൽ ലഭ്യമായിട്ടുള്ളത് എന്നും KPBR 2019 ചട്ടം 28(1) പ്രകാരം 3 മീറ്ററിൽ കുറയാത്ത വീതി ലഭ്യമല്ലാത്തതിനാൽ പെർമിറ്റ് അനുവദിക്കാൻ സാധിക്കുകയില്ല എന്ന് താങ്കൾക്ക് പഞ്ചായത്ത് സെക്രട്ടറി 17/11/2023 ന് 401090/BPH101/GOP/2023/4773(2) നമ്പർ കത്ത് മുഖേന അറിയിപ്പ് നൽകിയിട്ടുണ്ടായിരുന്നു.

08/12/2023 ന് മാലൂർ പഞ്ചായത്ത് ക്ലാർക്ക് ജില്ലാ തല സ്ഥിര അദാലത്ത് ഉപ സമിതി അംഗങ്ങൾ എന്നിവർ താങ്കളുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തിയപ്പോൾ വഴി വീതി 2.70 മീറ്റർ മാത്രമെ ലഭിക്കുന്നുള്ളു എന്ന് ബോധ്യപ്പെട്ടിട്ടുള്ളതും 3 മീറ്റർ വിതി ലഭിക്കാത്ത സ്ഥലത്ത് 3 മീറ്റർ വിതി ലഭിക്കുന്ന വിധത്തിൽ സ്ഥലം വിട്ടു തരുന്നതിന് പ്രസ്തുത വശത്തെ സ്ഥല ഉടമയുമായി ആലോചിച്ച് തീരുമാനത്തിൽ എത്തുന്നതാണ് എന്ന് താങ്കൾ അറിയിക്കുകയുണ്ടായി. എന്നാൽ

സ്ഥല ഉടമയുമായി ആലോചിച്ച് വീതി 2.70 മീറ്റർ ഉള്ള വശത്ത് 3 മീറ്ററിൽ കുറയാതെ വിതി ലഭ്യമാക്കുന്നതിന് പ്രസ്തുത വശത്തെ സ്ഥല ഉടമ തയ്യാറല്ല എന്ന് പിന്നീട് അറിയിച്ചിട്ടുള്ള പശ്ചാത്തലത്തിൽ G1 (Industrial 1 ) ഗ്രൂപ്പിൽപ്പെട്ട കെട്ടിടത്തിൻറെ കെട്ടിട നിർമ്മാണ അപേക്ഷയിൽ വഴി വീതി 3 മീറ്റർ ലഭിക്കാത്തതിനാൽ പഞ്ചായത്ത് സെക്രട്ടറി താങ്കളുടെ അപേക്ഷയിൽ എടുത്ത തീരുമാനം KPBR 2019 ചട്ടം 28(1) പ്രകാരം പാലിച്ച് കൊണ്ടുള്ളതാണ് എന്ന വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
18/12/2023